പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 61

# 2017-ലെ കേരള സംസ്ഥാന കർഷക ക്ഷേമ ബോർഡ് രൂപീകരണ ബിൽ

(ശ്രീ. കെ. കൃഷ്ണൻകുട്ടി, എം. എൽ. എ. നോട്ടീസ് നൽകിയത്)

505/2017.

പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 61

# 2017-ലെ കേരള സംസ്ഥാന കർഷക ക്ഷേമ ബോർഡ് രൂപീകരണ ബിൽ

(ശ്രീ. കെ. കൃഷ്ണൻകുട്ടി, എം. എൽ. എ. നോട്ടീസ് നൽകിയത്)

കാർഷിക രംഗം സമ്പദ് വ്യവസ്ഥയുടെ നെടുംതൂണായി വളർത്തുകയും വികസിപ്പിക്കുകയും ചെയ്യുന്നതിന് അത്യന്താപേക്ഷിതമായ ഘടകമാണ് കർഷക ക്ഷേമം. ഇതിന്റെ അഭാവത്തിൽ ഉൽപാദനക്ഷമത ഉയർത്തുക തികച്ചും അസാദ്ധ്യമായ ഒരു വസ്തുതയായി ഉയർന്ന് നിൽക്കുന്നു. ഇതിന് പരിഹാരമായി കർഷകന്റെ ക്ഷേമം ഉറപ്പ് വരുത്തുന്നതിന് കർഷക ക്ഷേമ ബോർഡിന്റെ രൂപീകരണം വ്യവസ്ഥ ചെയ്യുന്ന

ഒരു

## ബിൽ

പീഠിക.—ഇന്ത്യൻ റിപ്പബ്ലിക്കിന്റെ അറുപത്തിയെട്ടാം സംവൽസരത്തിൽ താഴെ പറയുന്ന പ്രകാരം ഒരു നിയമമുണ്ടാക്കുന്നു. സ്വാതന്ത്ര്യം ലഭിച്ചതിന് ശേഷം രാജ്യത്ത് ആദ്യമായിട്ടാണ് ഒരു കർഷക ക്ഷേമ ബില്ലിന് രൂപം നൽകുന്നത്.

1. ചുരുക്കപ്പേരും വ്യാപ്തിയും പ്രാരംഭവും.—(1) ഈ ആക്ടിന് '2017-ലെ കേരള സംസ്ഥാന കർഷക ക്ഷേമ ബോർഡ് ആക്ട്' എന്ന് പേര് പറയാം;

(2) ഇതിന് കേരള സംസ്ഥാനം മുഴുവനും വ്യാപ്തിയുണ്ടായിരിക്കുന്നതാണ്;

(3) ഇത് ഉടനടി പ്രാബല്യത്തിൽ വരുന്നതാണ്.

2. നിർവ്വചനങ്ങൾ.—ഈ ബില്ലിൽ സന്ദർഭം മറ്റു വിധത്തിൽ വിവക്ഷിക്കപ്പെടാത്ത പക്ഷം,—

(1) "ബോർഡ്" എന്നാൽ 2017-ലെ കേരളത്തിലെ മുഴുവൻ കർഷകരുടെയും ക്ഷേമം ഉറപ്പ് വരുത്തുന്ന ബോർഡ് എന്നർത്ഥമാകുന്നു;

(2) "സർക്കാർ" എന്നാൽ, കേരള സർക്കാർ എന്നർത്ഥമാകുന്നു;

(3) "വിജ്ഞാപനം" എന്നാൽ, ഈ ആക്ടനുസരിച്ച് കേരള സർക്കാർ പുറപ്പെടുവിക്കുന്ന വിജ്ഞാപനം എന്നർത്ഥമാകുന്നു;

(4) "സംസ്ഥാനം" എന്നാൽ, കേരള സംസ്ഥാനം എന്നാകുന്നു;

(5) "വകുപ്പ്" എന്നാൽ, ഈ ആക്ടിലെ ഒരു വകുപ്പ് എന്നാകുന്നു.

3. കേരള സംസ്ഥാന കർഷക ക്ഷേമ ബോർഡ് രൂപീകരണം.—

(1) സർക്കാർ ഒരു ഗസറ്റ് വിജ്ഞാപനം വഴി ആക്ടിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനായി കേരള സംസ്ഥാന കർഷക ക്ഷേമം ഉറപ്പാക്കുന്നതിനുള്ള ബോർഡ് എന്നപേരിൽ ഒരു ബോർഡ് രൂപീകരിക്കേണ്ടതാണ്.

(2) ബോർഡിന്റെ പ്രവർത്തനത്തിനാവശ്യമായ ജീവനക്കാരെ കാർഷിക വികസന കർഷക ക്ഷേമ വകുപ്പിൽ നിന്നും മൃഗസംരക്ഷണ വകുപ്പിൽ നിന്നും ക്ഷീര വികസന വകുപ്പിൽ നിന്നും മാത്രം നിയമിക്കാവുന്നതാണ്.

(3) ബോർഡ് ശാശ്വത പിൻതുടർച്ചാവകാശത്തോടും പൊതു മുദ്രയോടും കൂടിയതും ഈ ആക്ടിലെ വ്യവസ്ഥകൾക്ക് വിധേയമായി സ്ഥാവര-ജംഗമ വസ്തുക്കൾ ആർജ്ജിക്കുന്നതിനും കൈവശം വയ്ക്കുന്നതിനും ഉത്തരവുകൾ പുറപ്പെടുവിക്കുന്നതിനും കരാറുകളിൽ ഏർപ്പെടുന്നതിനുള്ള അധികാരത്തോടുകൂടിയതും ആയിരിക്കും.

4. ബോർഡിന്റെ ഘടന.—

മേൽപറഞ്ഞ ലക്ഷ്യങ്ങൾ സാക്ഷാത്കരിക്കാൻ കേരള കർഷക ക്ഷേമ ബോർഡ് എന്ന സ്ഥാപനം രൂപീകരിക്കുന്നതാണ്. ഇതിന്റെ ചെയർമാൻ ഒരു മുഴുവൻ സമയ കർഷകനായിരിക്കും. സെക്രട്ടറി/ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായി കൃഷി വകുപ്പിലെ അഡീഷണൽ ഡയറക്ടർ കേഡറിലുള്ള ഒരു ഉദ്യോഗസ്ഥനെ നിയമിക്കുന്നതാണ്. മറ്റ് അംഗങ്ങൾ താഴെ പറയുന്നവരായിരിക്കും. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കൃഷി വകുപ്പിലെയും മൃഗസംരക്ഷണ വകുപ്പിലെയും എക്സ്-ഒഫീഷ്യോ അഡീഷണൽ ഡയറക്ടർ ആയി പ്രവർത്തിക്കാൻ നിയമപ്രാബല്യം നൽകുന്നതാണ്.

(1) സെക്രട്ടറി, കൃഷി വകുപ്പ്;

(2) ഡയറക്ടർ, കൃഷി വകുപ്പ്;

(3) ഡയറക്ടർ, മൃഗസംരക്ഷണ വകുപ്പ്;

(4) സർക്കാർ നോമിനേറ്റ് ചെയ്യുന്ന 5 കർഷക പ്രതിനിധികൾ (2015-ലെ കാർഷികനയത്തിലെ നിർവചനം അനുസരിച്ചുള്ള കർഷകൻ);

(5) സർക്കാർ നോമിനേറ്റ് ചെയ്യുന്ന രണ്ട് സാങ്കേതിക വിദഗ്ദ്ധർ;

(6) ധനവകുപ്പ് സെക്രട്ടറിയുടെ പ്രതിനിധി;

(7) നിയമവകുപ്പ് സെക്രട്ടറിയുടെ പ്രതിനിധി;

(8) ഡയറക്ടർ, സമേതി;

(9) കർഷക ക്ഷേമ ബോർഡ് സെക്രട്ടറി.

കർഷക ക്ഷേമ ബോർഡ് സെക്രട്ടറിയെ സഹായിക്കുന്നതിനായി താഴെ പറയുന്ന ഉദ്യോഗസ്ഥരുടെ സേവനം ലഭ്യമാക്കേണ്ടതാണ്.

(1) ജോയിന്റ് ഡയറക്ടർ ഓഫ് അഗ്രികൾച്ചറൽ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്;

(2) ഡെപ്യൂട്ടി ഡയറക്ടർ ഓഫ് അഗ്രികൾച്ചറൽ, മൃഗ സംരക്ഷണ വകുപ്പ്;

(3) അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രികൾച്ചറൽ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്;

(4) സീനിയർ അഗ്രികൾച്ചറൽ ഓഫീസർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്-2;

(5) സീനിയർ വെറ്ററിനറി സർജൻ, മൃഗ സംരക്ഷണ വകുപ്പ്-2;

(6) അസിസ്റ്റന്റ് ഡയറക്ടർ, ക്ഷീര വികസന വകുപ്പ്;

(7) കൃഷി ഓഫീസർ-1;

(8) മൃഗ സംരക്ഷണ ഓഫീസർ-1;

(9) ഡയറി ഡെവലപ്പ്മെന്റ് ഓഫീസർ-1;

(10) അക്കൗണ്ട്സ് ഓഫീസർ-1;

(11) അക്കൗണ്ടന്റ്-2;

(12) ക്ലർക്ക്-2;

(13) കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്-2;

(14) ഓഫീസ് അസിസ്റ്റന്റ്-2.

എല്ലാ തസ്തികളിലും ഉദ്യോഗസ്ഥരെ കാർഷിക വികസന കർഷക ക്ഷേമം, മൃഗസംരക്ഷണം, ക്ഷീരവികസനം എന്നീ വകുപ്പുകളിൽ നിന്നും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിക്കുന്നതായിരിക്കും. ഉദ്യോഗസ്ഥരുടെ ശമ്പളത്തിനും മറ്റ് ആനുകൂല്യത്തിനുമായി ഒരു കോടിയോളം രൂപ ആവശ്യമുണ്ട്. കൃഷി-മൃഗ സംരക്ഷണ വകുപ്പിലെ ജില്ലാ ബ്ലോക്ക്-പഞ്ചായത്ത്തല സ്ഥാപനങ്ങൾ, കൃഷി-മൃഗ സംരക്ഷണ വകുപ്പുകളിലെ പൊതുമേഖലാ സ്ഥാപനങ്ങൾ ബോർഡിന്റെ പ്രവർത്തനത്തിന് ആവശ്യമായ എല്ലാ സഹായങ്ങളും ലഭ്യമാക്കാൻ നിയമപരമായി ബാധ്യസ്ഥരായിരിക്കും.

5. ബോർഡിന്റെ ആസ്ഥാനം.—

ബോർഡിന്റെ ആസ്ഥാനം തിരുവനന്തപുരം ആയിരിക്കും.

6. ബോർഡിന്റെ ചെയർമാൻ.—

(1) ഒരു മുഴുവൻ സമയ കർഷകനെ സർക്കാർ ഗസറ്റ് വിജ്ഞാപനത്തിലൂടെ നാമനിർദേശം ചെയ്യുന്നതാണ്.

(2) ചെയർമാന്റെ ഔദ്യോഗിക കാലാവധി 5 വർഷക്കാലമായിരിക്കുന്നതാണ്.

(3) ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ബോർഡിന്റെ സെക്രട്ടറിയായിരിക്കും.

7. ബോർഡിന്റെ കർത്തവ്യങ്ങൾ.—

(1) കേരളത്തിലെ കർഷകർക്ക് ഉപജീവന സുരക്ഷയും സാമ്പത്തിക സാമൂഹിക ഔന്നത്യവും ജീവിതത്തിൽ ഉന്നമനവും ലഭ്യമാക്കുക;

(2) കേരളത്തിലെ കർഷകരും കർഷക കുടുംബങ്ങളും നമ്മുടെ സാമ്പത്തിക വികസനത്തിനായി ഭക്ഷ്യവിഭവങ്ങൾ, വ്യാവസായിക അസംസ്കൃത വസ്തുക്കൾ, ഔഷധസസ്യവിളകൾ, ഉദ്യാന വിളകൾ, വിവിധ തരത്തിലുള്ള മൃഗജന്യ ഭക്ഷ്യ വസ്തുകൾ എന്നിവ വ്യാപാരത്തിനും വ്യവസായത്തിനും ഉല്പാദിപ്പിച്ച് ലഭ്യമാക്കാൻ ബാധ്യസ്ഥരായിരിക്കുന്നു. അതുകൊണ്ട് പ്രകൃതിക്ക് ഹാനികരമല്ലാത്ത രീതിയിലും സുസ്ഥിരമായ രീതിയിലും ഈ ഉല്പന്നങ്ങളെ ഉല്പാദിപ്പിക്കാനുള്ള സർവ്വ സഹായങ്ങളും കർഷകർക്കും കർഷക കുടുംബത്തിനും നൽകാൻ നമ്മുടെ സംസ്ഥാനം ബാധ്യസ്ഥരാണ്;

(3) കർഷക കുടുംബത്തിലെ അംഗങ്ങൾക്ക് ജീവിത വിജയത്തിനായി വിവിധ മേഖലകളിൽ പ്രവേശിക്കുവാനുള്ള സഹായങ്ങൾ ലഭ്യമാക്കുക (കരിയർ ഗൈഡൻസിനുള്ള പരിശീലനം ലഭ്യമാക്കാനായി മെമ്പറാകുന്ന കർഷകരുടെ മക്കൾക്ക് പരമാവധി സഹായം 10,000 രൂപ വീതം ലഭ്യമാക്കുക);

(4) കർഷക ഉല്പാദക കമ്പനികൾ, സഹകരണ സംഘങ്ങൾ, സ്വാശ്രയ സംഘങ്ങൾ, കൂട്ടുത്തരവാദിത്വമുള്ള ഗ്രൂപ്പുകൾ തുടങ്ങാനാവശ്യമായ സഹായം നൽകുക. ഇതിനുള്ള സാമ്പത്തിക സമാഹരണത്തിനായി സർക്കാർ തുക വകയിരുത്തണം;

(5) യുവജനങ്ങളെയും വനിതകളെയും കൃഷി, മൃഗസംരക്ഷണ മേഖലകളിലേക്ക് ആകർഷിക്കുകയും അവരെ സംരംഭകരാക്കാനുള്ള തന്ത്രങ്ങളും സംവിധാനങ്ങളും ആവിഷ്കരിക്കുകയും ചെയ്യുക;

(6) കർഷിക വിദ്യാഭ്യാസത്തിന്റെ എല്ലാ മേഖലകളിലെയും വരുന്ന വിദ്യാർത്ഥി സമൂഹത്തിന് ഹയർ സെക്കൻഡറിതലം മുതൽ ഡോക്ടർ ബിരുദം നേടുന്നതുവരെ സാമ്പത്തിക സഹായവും പഠന സൗകര്യങ്ങളും ഒരുക്കി കൊടുക്കുക;

(7) കർഷകർക്ക് ഗുണപരമായ രീതിയിൽ ചികിത്സ സഹായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുക;

(8) കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഫാം തൊഴിലാളികൾക്ക് നടപ്പിലാക്കി വരുന്ന മാതൃകയിൽ കർഷകർക്ക് 'കർഷക പ്രോവിഡന്റ് ഫണ്ട്' പദ്ധതി നടപ്പിലാക്കുക;

(9) എല്ലാവർഷവും മകരമാസം ഒന്നാം തീയതിയോ അല്ലെങ്കിൽ വിഷുദിനമോ കർഷക ക്ഷേമ ദിനമായി ആചരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക;

(10) കാർഷിക പെൻഷൻ പദ്ധതികളെ മറ്റ് കർഷക ഗുണപരമായ പെൻഷൻ പദ്ധതികളുമായി ബന്ധപ്പെടുത്തി കർഷകർക്ക് കൂടുതൽ ഗുണഫലങ്ങൾ ലഭ്യമാക്കുക.

8. ബോർഡിന്റെ അധികാരങ്ങൾ.—

(1) കാർഷിക വികസന കർഷക ക്ഷേമ വകുപ്പിലെ ബ്ലോക്ക് തല അസിസ്റ്റന്റ് ഡയറക്ടറേറ്റുകളുടെ അപക്സ് ബോഡി എന്ന നിലയിൽ ബോർഡ് പ്രവർത്തിക്കും;

(2) ഈ ആക്ടിന്റെ കീഴിൽ വരുന്ന വിഷയങ്ങളെ സംബന്ധിച്ചുള്ള പരാതികളും നിർദ്ദേശങ്ങളും സ്വീകരിക്കുന്നതിനുള്ള അധികാരം ബോർഡിന് ഉണ്ടായിരിക്കും;

(3) ലഭിക്കുന്ന പരാതികളും നിർദ്ദേശങ്ങളും പരിശോധിക്കുകയും അന്വേഷണം നടത്തി ബോർഡിന് ബോധ്യമായ കാര്യങ്ങളിൽ നടപടി സ്വീകരിക്കാൻ സർക്കാരിനോട് ശിപാർശ ചെയ്യാനും ബോർഡിന് അധികാരം ഉണ്ടായിരിക്കും;

(4) ബോർഡിന്റെ നയപരമായ കാര്യങ്ങളിൽ തീരുമാനമെടുക്കാനും ബോർഡിന് അധികാരം ഉണ്ടായിരിക്കും.

9. ബോർഡിൽ നിന്നും ലഭിക്കുന്ന ആനുകൂല്യങ്ങൾ.—

| ക്രമ നമ്പർ | ആനുകൂല്യം | ഗുണഭോക്താവ് | യോഗ്യത | തുക |
|---|---|---|---|---|
| 1 | 2 | 3 | 4 | 5 |
| 1 | പെൻഷൻ * | അംഗമായുള്ള കർഷകൻ | 60 വയസ്സ് പൂർത്തിയായി കഴിയണം | 10,000 രൂ. പ്രതിമാസം (കാലാകാലങ്ങളിൽ ജീവിത സൂചികയ്ക്കനുസൃതമായ മാറ്റങ്ങൾ നിരക്കിൽ വരുത്തേണ്ടതാണ്) |
| 2 | ഫാമിലി പെൻഷൻ | കുടുംബാംഗം | അംഗത്തിന്റെ മരണശേഷം | 5,000 രൂ. പ്രതിമാസം |
| 3 | അവശത പെൻഷൻ (Invalid Pension) | അവശതയുള്ള അംഗം | രോഗത്താലോ അപകടം കൊണ്ടോ അനുഭവിക്കുന്നവർ | 5,000 രൂ. പ്രതിമാസം |
| 4 | മരണാനന്തര ആനുകൂല്യം | കുടുംബാംഗത്തിന് | | 5,00,000 |
| 5 | മരണാനന്തര ചടങ്ങ് | കുടുംബത്തിന് | | 5,000 |
| 6 | ചികിത്സാ ആനുകൂല്യം | അംഗത്തിന് | | 50,000 |
| 7 | പ്രസവ ആനുകൂല്യം | വനിതാ അംഗത്തിന് | | 10,000 |

| 1 | 2 | 3 | 4 | 5 |
|---|---|---|---|---|
| 8 | വിവാഹ ധനസഹായം | അംഗത്തിന്റെ മകൾക്ക്, അംഗത്തിന്റെ മകന് | | 50,000 |
| 9 | വിദ്യാഭ്യാസ ധനസഹായം | അംഗത്തിന്റെ മക്കൾക്ക് | | |
| 10 | ഗ്രൂപ്പ് ഇൻഷ്വറൻസ് | അംഗങ്ങൾക്ക് മാത്രം | | 10,00,000 |
| 11 | അപകട ഇൻഷ്വറൻസ് | അംഗങ്ങൾക്ക് മാത്രം | | 5,00,000 |
| 12 | പ്രോവിഡന്റ് ഫണ്ട് ** | അംഗങ്ങൾക്ക് മാത്രം | | |
| 13 | സർക്കാർ കാലാകാല ങ്ങളിൽ നിശ്ചയിക്കുന്ന ആനുകൂല്യങ്ങൾ | | | |

* സർക്കാർ സർവ്വീസിലെ ക്ലാസ് IV ജീവനക്കാരന് ലഭ്യമാകുന്ന പെൻഷൻ.

** പ്രോവിഡന്റ് ഫണ്ട് എന്നത് ക്ഷേമ വ്യവസ്ഥകളിൽ ഏറ്റവും പ്രധാനപ്പെട്ട താണ്. ഇന്ന് വ്യാവസായിക മേഖലയിലും സർക്കാർ മേഖലയിലും സ്വകാര്യമേഖല യിലും പൊതുമേഖലയിലുമൊക്കെ പ്രവർത്തിക്കുന്ന ജീവനക്കാർക്ക് പ്രോവിഡന്റ് ഫണ്ട് എന്ന സൗകര്യമുണ്ട്. എന്നാൽ ഉപജീവന മാർഗ്ഗമായി കാർഷികവൃത്തി സ്വീകരിച്ച അസംഘടിതരായ കർഷകർക്ക് ഇതിനുള്ള സൗകര്യം ഒരുക്കിയിട്ടില്ല. ജീവിത സായാഹ്നത്തിൽ സമ്പാദ്യം ഉണ്ടാവുക എന്നത് ജീവിത നിലവാരം ഉയർത്തുന്നതിന് വളരെ സഹായകരമാണ്. മാത്രമല്ല അടിയന്തര ഘട്ടങ്ങളിൽ പലിശ രഹിത വായ്പകൾ ഇതിൽ നിന്നും ലഭ്യമാകുകയും ചെയ്യും. അതിനാൽ ഒരു ഫാർമർ പ്രോവിഡന്റ് ഫണ്ട് കൂടി കർഷകക്ഷേമ ബോർഡിന്റെ പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തുന്നു. കർഷകർക്ക് അവരുടെ വരുമാനത്തിന് അനുസൃതമായി ഒരു തുക ഇതിൽ നിക്ഷേപിക്കാവുന്നതാണ്. നൂറ് രൂപ കൊടുക്കാനാഗ്രഹിക്കുന്ന ഒരു അംഗം എൺപത്തിയഞ്ച് രൂപ നൽകിയാൽ മതിയാകും. ബാക്കി പതിനഞ്ച് രൂപ ബോർഡിന്റെ വിഹിതമായി നൽകുന്നതാണ്. മറ്റ് പ്രോവിഡന്റ് ഫണ്ട് നടപ്പിലാക്കുന്നതിനുള്ള നിയമവശം ഇതിലും പാലിക്കാവുന്നതാണ്.

10. ക്ഷേമ ബോർഡിൽ അംഗത്വം.—

1. 18 വയസ്സ് പൂർത്തിയായിരിക്കണം.
2. മറ്റു ക്ഷേമബോർഡുകളിൽ അംഗമായിരിക്കരുത്.

3. അഞ്ച് വർഷക്കാലം കാർഷികവൃത്തിയിലേർപ്പെട്ടിരിക്കുന്നവർക്കുമാത്രമേ ആനുകൂല്യം ലഭിക്കുകയുള്ളൂ.

4. കാർഷികവൃത്തി വിട്ട് മറ്റ് കൂടുതലാദായമുള്ള മേഖലകളിലേക്ക് പോകുമ്പോൾ അംഗത്വം നഷ്ടമാകുന്നതാണ്.

5. 60 വയസ്സ് പൂർത്തിയാകുമ്പോൾ പെൻഷൻ ലഭിക്കുന്നതാണ്.

6. അംഗത്വത്തിനുള്ള അപേക്ഷ കാർഷിക വികസന കർഷക ക്ഷേമ വകുപ്പിനുകീഴിലെ സ്ഥാപനങ്ങളുടെ വെബ്സൈറ്റിലും ക്ഷീര വികസന വകുപ്പ് അസിസ്റ്റന്റ് ഡയറക്ടർ ഓഫീസിലും ലഭ്യമാണ്. പ്രസ്തുത ഓഫീസർമാരുടെ ശിപാർശയോടെ ബോർഡിലേക്ക് നേരിട്ട് അപേക്ഷിക്കാവുന്നതാണ്.

7. കർഷക ക്ഷേമത്തിനായി പ്രവർത്തിക്കുന്ന ദേശീയ അന്താരാഷ്ട്ര ഏജൻസികളുമായി ബന്ധങ്ങൾ സൃഷ്ടിക്കുക.

11. <u>അംഗത്വ ഫീസ്.</u>—

കർഷകക്ഷേമ ബോർഡിൽ അംഗമാകുന്ന കർഷകൻ ആജീവനാന്തം അംഗത്വ ഫീസായി 250 രൂപ നൽകേണ്ടതാണ്. പട്ടികജാതി/പട്ടികവർഗ്ഗ കർഷകൻ അംഗത്വ ഫീസായി 100 രൂപ നൽകണം. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് നടപ്പിലാക്കുന്ന കർഷക പെൻഷൻ പദ്ധതിയിൽ 100 രൂപ അടച്ച് അംഗമായിട്ടുണ്ടെങ്കിൽ 150 രൂപ കൂടി അംഗത്വ ഫീസ് നൽകേണ്ടതാണ്. മൂന്ന് വർഷത്തിലൊരിക്കൽ അൻപത് രൂപ നൽകി അംഗത്വം പുതുക്കേണ്ടതാണ്.

12. <u>ക്ഷേമനിധി ഫണ്ട്.</u>—

കർഷകരുടെ ക്ഷേമത്തിനായി രൂപീകരിക്കുന്ന ഫണ്ടിലേക്ക് താഴെ പറയുന്ന സ്രോതസ്സുകളിൽ നിന്ന് ഫണ്ട് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

1. സർക്കാരിൽ നിന്നും ലഭിക്കുന്ന ബഡ്ജറ്റ് വിഹിതം.

2. നിലവിൽ കാർഷിക വികസന കർഷക ക്ഷേമ മുഖേന നടപ്പിലാക്കുന്ന കർഷക പെൻഷൻ പദ്ധതിക്കായി സർക്കാരിൽ നിന്നും ലഭ്യമാക്കിയിട്ടുള്ള വിഹിതം.

3. നിലവിൽ കാർഷിക വികസന കർഷക ക്ഷേമ മുഖേന നടപ്പിലാക്കുന്ന കർഷക പെൻഷൻ പദ്ധതിക്കായി അംഗങ്ങളിൽ നിന്നും സ്വരൂപിച്ചിട്ടുള്ള അംഗത്വ ഫീസ്.

4. വ്യക്തികൾ, മറ്റ് സ്ഥാപനങ്ങൾ തുടങ്ങിയവയിൽ നിന്നും ലഭ്യമാക്കുന്ന സംഭാവനകൾ.

5. കാർഷിക വിഭവങ്ങൾ സംഭരിച്ച് സംസ്കരിച്ച് വിതരണം ചെയ്യുമ്പോൾ അസംസ്കൃത ഉല്പന്നത്തിന് കർഷകന് ലഭിക്കുന്ന വിലയുടെ 10 ഇരട്ടി വരെ വർദ്ധിപ്പിച്ചാണ് ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നത്. കൃഷിയിൽ നിന്നുള്ള യഥാർത്ഥ ലാഭം ഇവിടെയാണ് സ്ഥിതി ചെയ്യുന്നത്. നിലവിലുള്ള സാഹചര്യത്തിൽ ഇത് മുഴുവൻ വാണിജ്യ വ്യാപാര ശക്തികൾ മാത്രമായി അനുഭവിക്കുന്നു. ഇതുമൂലം

കാർഷിക ഉല്പന്നങ്ങൾ സർവ്വവിധ കഷ്ടതകളും അനുഭവിച്ച് തയ്യാറാക്കുന്ന കർഷകർ ദാരിദ്ര്യവും നഷ്ടവും പലപ്പോഴും ആത്മഹത്യയും വരെ അനുഭവിച്ച് നശിക്കുകയും വ്യാപാര മേഖലയിലുള്ള ശക്തികൾ സാമ്പത്തികമായും സാമൂഹികമായും പൂർവാധികം ഐശ്വര്യപൂർണ്ണമായ വളർച്ച നേടിക്കൊണ്ടിരിക്കുകയാണ് ഇപ്പോഴും. അതിനാൽ സംസ്കരിച്ച മൂല്യവർദ്ധിത കാർഷിക വിഭവങ്ങളിൽ നിന്നുണ്ടാകുന്ന ഉല്പന്നങ്ങളുടെ പുറത്ത് ഒരു സെസ് ഏർപ്പെടുത്തുകയും ആ സെസ് തുകയെ ക്ഷേമ ബോർഡിന്റെ പ്രവർത്തന ഫണ്ടായി നൽകുകയും ചെയ്യുക.

6. കേന്ദ്ര സർക്കാർ ഈ ആവശ്യത്തിലേക്ക് നൽകുന്ന വിഹിതം.

7. കാർഷിക ക്ഷേമത്തിനായി അന്താരാഷ്ട്ര സ്ഥാപനങ്ങളും വിദേശ ഇന്ത്യക്കാരും കയറ്റുമതി സ്ഥാപനങ്ങളും നൽകുന്ന സംഭാവന.

8. കർഷക ക്ഷേമത്തിലൂന്നിയ പദ്ധതികൾ നടപ്പിൽ വരുത്താൻ അന്താരാഷ്ട്ര വികസന ഏജൻസികളും, സന്നദ്ധ സംഘടനകളും ദേശീയ സന്നദ്ധ സംഘടനകളും നൽകുന്ന ഫണ്ട്.

9. കർഷക ക്ഷേമത്തിലൂന്നിയ പദ്ധതികൾക്ക് കമ്പനികളുടെ CSR ഫണ്ടുകൾ.

13. ബോർഡിന്റെ യോഗങ്ങൾ.—

1. ചെയർമാന്റെ നിർദ്ദേശാനുസരണം ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ (സെക്രട്ടറി) ബോർഡിന്റെ യോഗം വിളിച്ചുകൂട്ടേണ്ടതാണ്.

2. ബോർഡിന്റെ യോഗങ്ങളിൽ ചെയർമാൻ അദ്ധ്യക്ഷം വഹിക്കേണ്ടതാണ്. ചെയർമാന്റെ അസാന്നിദ്ധ്യത്തിൽ സന്നിഹിതരായിരിക്കുന്ന അംഗങ്ങളിൽ ഒരാളെ അദ്ധ്യക്ഷനായി നിർദ്ദേശിക്കാവുന്നതാണ്.

3. യോഗത്തിനുള്ള ക്വാറം അതോറിറ്റിയിലെ നിലവിലുള്ള അംഗങ്ങളുടെ എണ്ണത്തിന്റെ മൂന്നിലൊന്ന് ആയിരിക്കുന്നതാണ്.

14. എഴുത്തുകുത്തുകൾ നടത്തുന്നതിനുള്ള മാർഗ്ഗം.— ബോർഡിൽ നിന്നുള്ളതും ബോർഡിലേക്കുള്ളതുമായ എഴുത്തുകുത്തുകൾ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ (സെക്രട്ടറി) പേരിൽ നടത്തേണ്ടതാണ്.

15. ചട്ടങ്ങൾ ഉണ്ടാക്കാനുള്ള അധികാരം.—

(1) സർക്കാരിന് ഗസറ്റ് വിജ്ഞാപനംമൂലം ഈ ആക്ടിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനുവേണ്ട ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) ഈ ആക്ട് പ്രകാരമുണ്ടാക്കിയ ഏതൊരു ചട്ടവും അതുണ്ടാക്കിയതിനു ശേഷം കഴിയുന്നത്രവേഗം നിയമസഭാ സമ്മേളനത്തിൽ ആയിരിക്കുമ്പോൾ അതിന്റെ മുമ്പാകെ, ഒരു സമ്മേളനത്തിലോ തുടർച്ചയായുള്ള രണ്ടു സമ്മേളനങ്ങളിലോ പെടാവുന്ന ആകെ 14 ദിവസക്കാലത്തേക്ക് വയ്ക്കേണ്ടതും അപ്രകാരം അത് ഏത് സമ്മേളനത്തിൽ വയ്ക്കുന്നുവോ ആ സമ്മേളനമോ തൊട്ടടുത്ത് വരുന്ന സമ്മേളനമോ അവസാനിക്കുന്നതിനു മുമ്പ് നിയമസഭ പ്രസ്തുത ചട്ടത്തിൽ ഏതെങ്കിലും രൂപഭേദം

വരുത്തുകയോ അല്ലെങ്കിൽ ആ ചട്ടം ഉണ്ടാക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്നപക്ഷം, ആ ചട്ടത്തിന് അതിനുശേഷം അതത് സംഗതിപോലെ അങ്ങനെ രൂപപ്പെടുത്തിയ രൂപത്തിൽ മാത്രം പ്രാബല്യമുണ്ടായിരിക്കുകയോ അല്ലെങ്കിൽ യാതൊരു പ്രാബല്യവും ഇല്ലാതിരിക്കുകയോ ചെയ്യുന്നതും ആകുന്നു. എന്നിരുന്നാലും അങ്ങനെയുള്ള ഏതെങ്കിലും രൂപപ്പെടുത്തലോ റദ്ദാക്കലോ ആ ചട്ടപ്രകാരം മുമ്പ് ചെയ്തിട്ടുള്ള ഏതെങ്കിലും സംഗതിയുടെ സാധുതയ്ക്ക് ഭംഗം വരാത്തവിധത്തിലായിരിക്കേണ്ടതാണ്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

കാർഷിക ഐശ്വര്യത്തിന്റെ അതിപ്രധാനവും ശക്തവുമായ നെടുംതൂണുകൾ ആണ് "വ്യാവസായിക കൃഷിയും കാർഷിക ബിസിനസ്സും". ലോകമാകെ ഇത് യാഥാർത്ഥ്യമായിരിക്കുന്നു. കാർഷിക ഐശ്വര്യത്തിന്റെ വളർച്ചയെയും ഭദ്രതയെയും ഇവ തന്നെയാണ് പ്രധാനമായി നിയന്ത്രിക്കുന്നത്. തത്ഫലമായി അത്യാധുനിക ഗവേഷണം, ഉന്നത നിലവാരമുള്ള സാങ്കേതിക വൈദഗ്ദ്ധ്യം, ഇവയോടൊപ്പം അളവില്ലാത്തത്ര ധനവും ഈ മേഖലയിൽ വ്യവസായികൾ നിക്ഷേപിച്ച് തുടങ്ങിയിരിക്കുന്നു. അവർ കണ്ണഞ്ചിപ്പിക്കുന്ന വരുമാനം ലഭ്യമാക്കുന്ന ഒരു മേഖലയായി കാർഷിക രംഗത്തെ മാറ്റിയിരിക്കുന്നു.

കൊതിപിടിപ്പിക്കുന്ന ഈ കാർഷിക ഐശ്വര്യത്തിന്റെ തിളക്കവും മഹിമയും മായ്ക്കുക മാത്രമല്ല അറപ്പ് ജനിപ്പിക്കുംവിധം വികൃതമാകുകയും ചെയ്യുകയാണ് കർഷക ആത്മഹത്യകൾ. ഇത് സംബന്ധിച്ച് നടത്തിയ ബഹുവിധ പഠനങ്ങൾ വ്യക്തമാക്കുന്നത് കാർഷികമേഖലയിൽ പുതിയ സാങ്കേതികവിദ്യകളും ഉല്പാദനോപാധികളും നൽകിയത് മുഴുവൻ കാർഷിക മൃഗസംരക്ഷണമേഖലയിലെ ഉല്പാദന വിഭവങ്ങളുടെ വർദ്ധനവിന് മാത്രമാണ്. അറിഞ്ഞോ അറിയാതെയോ ഒരു കാര്യം വ്യക്തമാണ്. ഈ തിരക്കിനിടയിൽ പ്രസ്തുത ലക്ഷ്യങ്ങൾ യാഥാർത്ഥ്യമാക്കുന്നതിന് മുഖ്യശക്തിയായ കൃഷിക്കാരുടെയും കർഷക കുടുംബങ്ങളുടെയും ക്ഷേമത്തിനുള്ള ഒരു പ്രത്യേക യജ്ഞം നാം നടത്താൻ വിട്ടുപോയതാണ്. ഇത് കർഷക കുടുംബങ്ങളെ കൃഷിയിൽ നിന്ന് പിന്തിരിപ്പിക്കാൻ മാത്രമല്ല അടുത്ത തലമുറയെ കൃഷിയിലേക്ക് വരാതിരിക്കുവാൻ നിരുൽസാഹപ്പെടുത്തുക കൂടി ചെയ്യുന്ന ഒരു സ്ഥിതിവിശേഷം സൃഷ്ടിച്ചു. യുവതലമുറയ്ക്കും നിലവിലുള്ള കർഷകസമൂഹത്തിനും കൃഷി തികച്ചും അനാകർഷകവും അനഭിലഷണീയവുമായ ഒരു മേഖലയായി മാറിയിരിക്കുന്നു.

ലോകത്തിലെ കാർഷിക ബിസിനസ്സ് മേഖലയിൽ ഒരു വർഷം വന്ന് മറിയുന്നത് 1985.74 ലക്ഷം കോടി ബില്യൺ അമേരിക്കൻ ഡോളറാണെന്ന് ലോകഭക്ഷ്യ കാർഷിക സംഘടനയുടെ കുറിപ്പുകൾ വ്യക്തമാക്കുന്നു. ഇന്ത്യയെ ഇത് തന്ത്രപ്രധാനമായ സാമ്പത്തികമേന്മയുള്ള ഒരു സുപ്രധാന രംഗമാക്കി വളർത്തിയിട്ടുണ്ട്. പക്ഷേ സാധാരണക്കാരായ കൃഷിക്കാർക്ക് അതിനോടുള്ള ആത്മബന്ധവും ആരാധനാമനോഭാവവും ഇപ്പോഴും കുറഞ്ഞിട്ടില്ല.

കാർഷിക മേഖലയിലെ വളർച്ചയും രാഷ്ട്രത്തെ ഹരിത ശക്തിയായി നിലനിർത്താനും ഭക്ഷ്യസുരക്ഷ ലഭ്യമാക്കാനും കൃഷിക്കുള്ള പ്രാധാന്യം സുവ്യക്തമാണ്. അതിനുമുപരി നമ്മുടെ രാഷ്ട്രത്തിന്റെ പരമാധികാരം നിലനിർത്താൻ രാജ്യരക്ഷയോടൊപ്പം പ്രാധാന്യമുള്ള ഒന്നായി ഈ രംഗത്തെ രാഷ്ട്രം അംഗീകരിച്ചിരിക്കുന്നു.

കൃഷിഭൂമി സംരക്ഷിക്കണമെന്നത് രാജ്യരക്ഷപോലെ പ്രാധാന്യമുള്ളതാണ് എന്ന് ലോകത്തിലെ പ്രമുഖ രാഷ്ട്രങ്ങളെല്ലാം കരുതുന്നു. ഇതിന്റെ ഒരു പ്രധാനപ്പെട്ട ലക്ഷ്യമാണ് ലോക വ്യാപാര സംഘടന പോലെയുള്ള പുതിയ സാമ്പത്തിക ശക്തികളുടെ ആവിർഭാവം വ്യക്തമാക്കുന്നത്. കാർഷിക ഉല്പാദനം വ്യവസ്ഥാപിതമായ രീതിയിൽ ഉയർത്തുന്ന യത്നത്തിന് ചരിത്രത്തിൽ ഇതുവരെ ഉണ്ടായിട്ടില്ലാത്ത പ്രാധാന്യം കൈവന്നിരിക്കുന്നു. അതിന്റെ വ്യക്തമായ ഉദാഹരണമാണ് ഫലഭൂയിഷ്ടമായ കൃഷിഭൂമികൾ കാർഷികേതര ആവശ്യങ്ങൾക്കായി മാറ്റുന്നതിന് എതിരെയുള്ള വമ്പിച്ച ചെറുത്തു നിൽപ്പ്. ഈ യത്നത്തിൽ കൃഷിക്കാരോടൊപ്പം ബഹുജനങ്ങളും അണിനിരക്കുന്നതിന്റെ രഹസ്യം കൃഷിയുടെ അതുല്യമായ പ്രാധാന്യത്തെ ജനതയാകെ മനസ്സിലാക്കി തുടങ്ങിയിരിക്കുന്നു എന്നതാണ്.

ഉല്പാദനക്ഷമത ഉയർത്തുന്നതിന്റെ ഫലമായി സൃഷ്ടിക്കപ്പെടുന്ന ഐശ്വര്യം വ്യാപാര വ്യവസായ മേഖലകൾ സ്വരുക്കൂട്ടുമ്പോൾ കൃഷിക്കാരൻ വെറും അസംസ്കൃത വസ്തു ഉല്പാദകനായി ചുരുങ്ങി തുച്ഛമായ ആദായം കൈപ്പറ്റി ഒതുങ്ങിക്കഴിയാൻ നിർബന്ധിതനാകുന്നു. സ്വാതന്ത്ര്യാനന്തര ഇന്ത്യയിലെ കാർഷിക മേഖലയിലെ ഉല്പാദന ഉയർച്ച അവിശ്വസനീയമാംവണ്ണം മെച്ചപ്പെട്ടതാണ്. കാലാവസ്ഥ കൂടി കനിയുന്ന സന്ദർഭത്തിൽ ഉൽപ്പന്നങ്ങൾ സംഭരിക്കാൻ പോലുമിടമില്ലാതെ വാണിജ്യലോകം ശ്വാസംമുട്ടുന്നത് നാം കാണുന്ന കാഴ്ചയാണ്. തന്മൂലമുണ്ടാകുന്ന നഷ്ടങ്ങൾ നമ്മെ അമ്പരപ്പിക്കുന്നു. അതീവ ഗൗരവമേറിയ ഒരു സ്ഥിതിവിശേഷം ഇത് സൃഷ്ടിച്ചിരിക്കുന്നു. കർഷക സുരക്ഷയുടെയും ക്ഷേമത്തിന്റെയും തന്ത്രപ്രധാനമായ കാര്യം മനസ്സിലാക്കി കാർഷിക മേഖലയിൽ അതിന് പരമോന്നത സ്ഥാനം നല്കുകയാണ് അടിയന്തര ആവശ്യം. കാർഷിക മേഖലയ്ക്കും കൃഷിക്കാർക്കും സാമൂഹിക മാന്യതയും സാമ്പത്തിക ഐശ്വര്യവും ലഭിക്കുക മാത്രമല്ല യുവതലമുറയ്ക്ക് വികസിക്കാനും വളരാനും അനുപമമായ സാദ്ധ്യതകൾ നിറഞ്ഞുനിൽക്കുന്ന ഒരു മേഖലയായി കാർഷിക മേഖലയെ പണിതുയർത്തുകയും വേണം. ശാസ്ത്രത്തിന്റെ ദ്രുതഗതിയിലുള്ള വളർച്ച സൂചിപ്പിക്കുന്നത് കാർഷിക മേഖലയിലെ വിവിധ രംഗങ്ങളുടെ വികാസം, അതിനെ ജനങ്ങൾക്ക് ഐശ്വര്യപൂർണ്ണമായ ജീവിത സുരക്ഷ നൽകുന്ന ഭാഗ്യതാരമായി ഉയർത്തുമെന്നാണ്. ഓർമ്മവെച്ച കാലംമുതൽ കൃഷിയെ ഐശ്വര്യം നൽകുന്ന ഒരു മേഖലയായി വിശേഷിപ്പിച്ച് ആരാധിച്ചിരുന്നു. അവരുടെ യത്നങ്ങളെ മാനവരാശിക്ക് മുഴുവൻ നൽകുന്ന അതുല്യ സേവനങ്ങളായി കരുതി. ദൗർഭാഗ്യമെന്നുകരുതട്ടെ, ഈ യജ്ഞത്തിലെ നായകരായ കൃഷിക്കാർ വിസ്മരിക്കപ്പെട്ടുപോയി. അത് മാറ്റുകയും ത്യാഗോജ്ജ്വലമായ യജ്ഞങ്ങൾ തുടരാനും ഐശ്വര്യപൂർണ്ണമായ ഒരു ജീവിതം നൽകാനുമാണ് കർഷകക്ഷേമ ബോർഡിന് രൂപം നൽകുന്നതുവഴി ലക്ഷ്യമിടുന്നത്. നൂറ്റി ഇരുപത് കോടി ജനങ്ങൾക്കും നൂറു കോടി വളർത്തുമൃഗങ്ങൾക്കും ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്ന കർമ്മത്തിനെ മഹൽ സേവനമായി നാം കണക്കാക്കുന്ന കാലം അതിക്രമിച്ചിരിക്കുന്നു. ഇത് യാഥാർത്ഥ്യമാക്കുന്ന കർഷക കുടുംബങ്ങളുടെ സുരക്ഷയും വളർച്ചയും ഉറപ്പാക്കുന്ന ജനസമൂഹത്തിന്റെ കടമയാണ് "കർഷക ക്ഷേമ ബോർഡിന്റെ" പിറവി യാഥാർത്ഥ്യമാക്കുന്നത്.

## ധനകാര്യമെമ്മോറാണ്ടം

ബില്ലിലെ വ്യവസ്ഥകൾക്കനുസരിച്ച് ബോർഡ് നിലവിൽ വരുകയും പ്രവർത്തന ക്ഷമമാകുകയും ചെയ്യുമ്പോൾ മാത്രമേ ഇതിനുവേണ്ടിവരുന്ന സാമ്പത്തിക ബാദ്ധ്യത എത്രയെന്ന് കണക്കാക്കാൻ കഴിയുകയുള്ളു. എങ്കിലും ബോർഡിന്റെ പ്രാരംഭ ചെലവുകൾക്കായി 25 ലക്ഷം രൂപ സഞ്ചിതനിധിയിൽ നിന്ന് ചെലവ് പ്രതീക്ഷിക്കുന്നു.

<u>പ്രവർത്തന റിപ്പോർട്ട്</u> : എല്ലാ വർഷവും ഏപ്രിൽ മാസം അവസാനത്തോടെ മുൻവർഷത്തെ പ്രവർത്തന റിപ്പോർട്ട് ബോർഡിന്റെ അംഗീകാരത്തോടെ സഭ നടക്കുന്നെങ്കിൽ അപ്പോഴോ അല്ലെങ്കിൽ തൊട്ടടുത്തുള്ള നിയമസഭ സമ്മേളനത്തിലോ സമർപ്പിക്കേണ്ടതാണ്.

## ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സംബന്ധിച്ച മെമ്മോറാണ്ടം

ബില്ലിലെ വ്യവസ്ഥകൾപ്രകാരം സർക്കാരിന് ഗസറ്റ് വിജ്ഞാപനംവഴി ഈ ആക്ടിലെ വ്യവസ്ഥകൾ നടപ്പാക്കുന്നതിനുള്ള ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്. ഈ ആക്ട് അനുസരിച്ച് ഉണ്ടാക്കുന്ന ചട്ടങ്ങൾ സഭയുടെ മുമ്പാകെ വയ്ക്കേണ്ടതാണ്. സഭയ്ക്ക് അതംഗീകരിക്കുവാനോ റദ്ദ് ചെയ്യുന്നതിനോ ഭേദഗതി ചെയ്യുന്നതിനോ ഉള്ള അധികാരം ഉണ്ട്. ചട്ടങ്ങൾ ഉണ്ടാക്കുവാനുള്ള അധികാരം നൽകിയിട്ടുള്ളത് നടപടിക്രമങ്ങളെ സംബന്ധിക്കുന്നതോ ദൈനംദിന ഭരണകാര്യങ്ങളെ സംബന്ധിക്കുന്നതോ ആയ കാര്യങ്ങൾക്കാണ്. ആയതിനാൽ ഏൽപ്പിച്ചുകൊടുക്കപ്പെട്ട നിയമനിർമ്മാണാധികാരം സംബന്ധിച്ച് നൽകിയിട്ടുള്ളതായ അധികാരം സാധാരണസ്വഭാവത്തിലുള്ളതാണ്.

കെ. കൃഷ്ണൻകുട്ടി, എം.എൽ.എ.